## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1093

20.03..2012 ലെ
മറുപടിയ്ക്ക്

### വയനാട് ജില്ലയിലെ കൃഷ്ണഗിരിയിൽ അനധികൃതമായി കൈവശമാക്കിയ ഭൂമി ഏറ്റെടുക്കുന്ന നടപടി

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വയനാട് ജില്ലയിലെ കൃഷ്ണഗിരിയിൽ ശ്രീ.എം.വി.ശ്രേയാംസ് കുമാർ അനധികൃതമായി കൈവശം വെച്ച് വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | വയനാട് ജില്ലയിലെ കൃഷ്ണഗിരി വില്ലേജിൽ ശ്രീ.എം.വി.ശ്രേയാംസ് കുമാർ എം.എൽ.എ അനധികൃതമായി കൈവശം വയ്ക്കുന്നതായി പറയപ്പെടുന്ന സർക്കാർ ഭൂമി സംബന്ധിച്ച് ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഒ.പി-490/11 നമ്പർ കേസിന്റെ വിധിപ്രകാരം ഈ വിഷയത്തിൽ സുൽത്താൻ ബത്തേരി സബ് കോടതിയോട് 3 മാസത്തിനകം തീരുമാനം എടുക്കുവാൻ ഉത്തരവായിട്ടുണ്ട്. സുൽത്താൻ ബത്തേരി സബ് കോടതിയുടെ വിധിന്യായം ലഭിച്ച ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | ഭൂമി സംബന്ധമായ കേസിൽ ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബെഞ്ച് റദ്ദ് ചെയ്യുകയുണ്ടായോ; യഥാർത്ഥ വസ്തുതകൾ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനെ അറിയിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിലയിലുള്ള വീഴ്ചകൾ സംഭവിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) | സുൽത്താൻ ബത്തേരി സബ് കോടതിയിലെ ഒ.എസ്സ് 142/07 നമ്പർ കേസിൽ വിധിന്യായം ലഭിച്ചശേഷം നടപടി സ്വീകരിക്കുവാനാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. യഥാർത്ഥ വസ്തുതകൾ ഡിവിഷൻ ബെഞ്ചിനെ അറിയിച്ചതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഡിവിഷൻ ബെഞ്ചിന്റെ തീരുമാനത്തിനു സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; | സി) | ഇല്ല. |
| ഡി) | ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | സുൽത്താൻ ബത്തേരി സബ് കോടതിയുടെ വിധിക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ